പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 348 07/01/2014- ൽ മറുപടിക്ക്

# വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യ വികസനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി. ശിവൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ അവശേഷിക്കുന്ന കാലയളവിനുള്ളിൽ ഇലക്ട്രിസിറ്റി ബോർഡ് സംസ്ഥാനത്ത് പുതുതായി എത്ര മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിക്കുമോ ; | (എ) 1073.6 MW വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |
| (ബി) ഇതിനാവശ്യമായി വരുന്ന പദ്ധതി ചെലവ് എത്ര കോടി രൂപയാണ്; അത് ഏതെല്ലാം നിലയിൽ സ്വരൂപിക്കാനുദ്ദേശിക്കുന്നു; വിശദമാക്കുമോ | (ബി) 1. താപവൈദ്യുത പദ്ധതിയായ ബ്രഹ്മപുരം വാതകാധിഷ്ഠിത പദ്ധതിയുടെ ചെലവ് 2000 കോടി രൂപയായാണ് കണക്കാക്കിയിട്ടുള്ളത്.<br><br>പെറ്റ് കോക്ക് ഉപയോഗിച്ചുള്ള വൈദ്യുത പദ്ധതിക്കായി പദ്ധതി ചെലവ് 4000 കോടി രൂപ കണക്കാക്കുന്നു.<br>കെ.എസ്.ഇ.ബി. യുടെ നിലവിൽ നടന്നു വരുന്ന ജലവൈദ്യുത പദ്ധതികളുടെ പദ്ധതി ചെലവ് ഏകദേശം 1023 കോടി രൂപയാണ്.<br><br>1MW സോളാർ പദ്ധതിയുടെ ചെലവ് - 8 കോടി (ഏകദേശം) രൂപയാണ് കണക്കാക്കിയിട്ടുള്ളത്.<br><br>1.5 MW ശേഷിയുള്ള സൗരോർജ്ജ പദ്ധതിയുടെ ചെലവ് ഏകദേശം 13.5 കോടി രൂപയാണ് കണക്കാക്കിയിട്ടുള്ളത്.<br><br>കെ.എസ്. ഇ.ബി..യുടെ തനത് ഫണ്ടിൽ നിന്നും സ്വകാര്യ പങ്കാളിത്തത്തോടുകൂടിയുമാണ് പദ്ധതിചെലവ് സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) പദ്ധതിക്കുവേണ്ടി സർക്കാർ ഖജനാവിൽ നിന്നും ബോർഡിന് | (സി) വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള അടിസ്ഥാന സൗകര്യവികസനത്തിനായി 2013- 14 ലെ സർക്കാർ ബഡ്ജറ്റിൽ ഡാം റിഹാബിലിറ്റേ |

നൽകാനുദ്ദേശിക്കുന്ന തുക എത്ര ; അതിനായി തന്നാണ്ടിലെ ബഡ്ജറ്റിൽ എ ന്ത തുക വകയിരു്യിയിട്ടുണ്ട്;

ഷനും ഇംപ്രൂമെന്റ് പ്രോഗ്രാമും (ഡ്രിപ്പ്) ഉൾപ്പെടെയുള്ള ഡാം സുരക്ഷ പ്രവർത്തികൾക്കായി 41. 42 കോടി രൂപയും പരിവർത്തന നിധി (Innovation fund) ഇനത്തിൽ5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പദ്ധതിക്ക് വേണ്ടി സർക്കാർ ഖജനാവിൽ നിന്നും കൂടുതൽ തുക നൽകുന്ന കാര്യം തീരുമാനിച്ചിട്ടില്ല.

(ഡി) 2014-2015 വർഷത്തേക്കുള്ള ബഡ്ജറ്റിൽ വകയിരുത്തി കൊടുക്കുന്നതിന് ബോർഡ് ആവശ്യപ്പെട്ട മൊത്തം തുക എത്ര ; വിശദമാക്കുമോ

(ഡി) 2014-15 ൽ വൈദ്യുതി ബോർഡ് നടപ്പാക്കാനുദ്ദേശിക്കുന്ന വിവിധ പദ്ധതികൾക്കായി 1300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുന്നതിന് ബോർഡ് ആവശ്യപ്പെ ട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ